# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6443. 08.07.2014 ൽ മറുപടിയ്ക്ക്.

## കസ്റ്റഡിയിലെടുത്ത വാഹനങ്ങളുടെ നികുതി അടയ്ക്കാൻ സംവിധാനം

| ചോദ്യം<br>ശ്രീ. പി.റ്റി.എ. റഹീം | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പോലീസ് സ്റ്റേഷൻ, ഫോറസ്റ്റ് ഓഫീസ്, എക്സൈസ് ഓഫീസ്, റവന്യൂ ഓഫീസ് എന്നിവിടങ്ങളിൽ പിടിച്ചിട്ടുന്ന വാഹനങ്ങൾക്ക് അവ പിടിക്കപ്പെട്ടതിനു ശേഷം വാഹനനികുതി അടയ്ക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഈ വാഹനങ്ങളുടെ നികുതി ഈടാക്കുന്നതിന് വെഹിക്കിൾ ടാക്സേഷൻ നിയമത്തിൽ വ്യവസ്ഥയുണ്ടോ ; എങ്കിൽ ടാക്സ് ഈടാക്കുന്നതിന് വാഹനം ലേലം ചെയ്യാൻ സാധിക്കുമോ ; | (ബി) | സർക്കാർ വകുപ്പുകൾ പിടിച്ചെടുക്കുന്ന വാഹനങ്ങൾക്ക് ആ കാലയളവിലെ റോഡ് ടാക്സ് ഇളവ് ലഭിയ്ക്കുന്നതാണ്. ടാക്സ് അടയ്ക്കാത്തതിന് പിടിച്ചെടുത്തിട്ടുള്ള വാഹനങ്ങൾ ലേലം ചെയ്ത് വിൽക്കുവാൻ നിലവിലുള്ള നിയമത്തിൽ അധികാരമില്ല. നിശ്ചിത കാലയളവിനുള്ളിൽ നികുതിയും പിഴയും ഒടുക്കിയില്ലെങ്കിൽ, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വാഹനം വിറ്റു ലഭിക്കുന്ന തുക നികുതി കുടിശ്ശിക ആയി ഈടാക്കി സർക്കാരിലേയ്ക്ക് മുതൽ കൂട്ടുവാൻ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അധികാരം നൽകുവാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള 1976 ലെ കേരള മോട്ടോർവാഹന നികുതി നിയമത്തിന്റെ ഭേദഗതി 2014 ലെ ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | നികുതി ഈടാക്കിയശേഷം ബാക്കി തുക ട്രഷറിയിൽ സൂക്ഷിച്ച് അവകാശികൾക്ക് നൽകാൻ വ്യവസ്ഥയുണ്ടോ ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ.